# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1796** 01.11.2019 -ലെ മറുപടിയ്ക്ക്

## <u>യൂണിവേഴ്സിറ്റി പരീക്ഷകളിലെ തട്ടിപ്പും ക്രമക്കേടും</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. ഒ. രാജഗോപാൽ

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ ചില കോളേജുകൾ കേന്ദ്രീകരിച്ച് യൂണിവേഴ്സിറ്റി പരീക്ഷകളിൽ തട്ടിപ്പും ക്രമക്കേടും ആൾമാറാട്ടവും നടത്തുന്നതായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ; | (എ) | സർവ്വകലാശാലാ പരീക്ഷകളിൽ വിദ്യാർത്ഥികൾ ക്രമക്കേടുകൾ നടത്തിയതായി ലഭിക്കുന്ന റിപ്പോർട്ടുകളിൽ അന്വേഷണം നടത്തുകയും സർവ്വകലാശാല പരീക്ഷാ മാന്വൽ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (ബി) | ഭാവിയിൽ ഇത്തരം തട്ടിപ്പും ക്രമക്കേടുകളും ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ എടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പരീക്ഷാ ക്രമക്കേടുകൾ തടയുന്നതിനായി സർവ്വകലാശാല മേഖലാതലത്തിൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. പരീക്ഷാ ജോലികളിൽ External Examiners-നെ നിയോഗിച്ചാണ് പരീക്ഷകൾ നടത്തപ്പെടുന്നത്. കൂടാതെ ചുവടെ ചേർക്കുന്ന മറ്റു നടപടികളും സർവ്വകലാശാലകൾ സ്വീകരിച്ചു വരുന്നു.<br>• ഓരോ കേളേജുകളിലേക്കും ഒരു ഗവ./എയ്ഡഡ് കോളേജ് അധ്യാപകനെ അഡീഷണൽ ചീഫ് സൂപ്പറിന്റെഡന്റായി നിയമിക്കുക<br>• ഉത്തരക്കടലാസിന്റെ സ്റ്റോക്ക് പൊസിഷൻ അറിയിക്കാനായി കോളേജുകൾക്ക് നിർദ്ദേശം നൽകുക<br>• ഫോൾസ് നമ്പർ സംവിധാനം സർവ്വകലാശാല പഠന വകുപ്പുകളിലും നടപ്പിലാക്കുക<br>• ഓരോ പരീക്ഷകൾക്കിടയിലും ഉത്തരക്കടലാസിന്റെ സ്റ്റോക്ക് |

| | | | |
|---|---|---|---|
| | | | എടുക്കുന്നതിനായി സർവ്വകലാശാല ഉദ്യോഗസ്ഥരെ നിയമിക്കുക.<br>• ചോദ്യപേപ്പർ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുക. ഇതിനായി സെറ്റേഴ്സ് നൽകിയ ടീമിനു പുറമെ മറ്റൊരു ടീമിനെ നിയമിക്കുക.<br>• ചോദ്യപേപ്പർ കവറിന്റെ പുറത്ത് പരീക്ഷാ ഹോളിലെ രണ്ട് പരീക്ഷാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തിയതിനു ശേഷം വിദ്യാർത്ഥികളുടെ മുൻപാകെ മാത്രം ചോദ്യപേപ്പർ കവർ തുറക്കുക<br>• ഉപയോഗിച്ച പേപ്പറുകളുടെയും ബാക്കിയുള്ളവയുടെയും സീരിയൽ നമ്പർ അടക്കം റിപ്പോർട്ട് തയ്യാറാക്കി സ്കാൻ ചെയ്ത് അതത് പരീക്ഷാ ദിവസങ്ങളിൽ തന്നെ സർവ്വകലാശാലയിലേക്ക് അയക്കാൻ ചീഫ് സൂപ്പറിന്റെഡന്റിനെ ചുമതലപ്പെടുത്തുക.<br>• കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ നിന്നും മാർക്കുകൾ അപ് ലോഡ് ചെയ്യുന്നതിൽ കൃത്യത ഉറപ്പാക്കുക |
| (സി) | തട്ടിപ്പിനും ആൾമാറാട്ടത്തിനും കൂട്ടുനിൽക്കുന്നവരുടെ പേരിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ? | (സി) | അന്വേഷണം നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.